# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

**സംഗ്രഹം**

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക സിം കാർഡ് നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ആർ.ഒ.സി.929/25/ഇഡിപി. തിരുവനന്തപുരം, 03.02.2025

**പരാമർശം:** 1. ബി.എസ്.എൻ.എൽ തിരുവനന്തപുരം പ്രിൻസിപ്പൽ ജനറൽ മാനേജർ ഓഫീസിൽ നിന്നുള്ള 26/06/2024 ലെ JTO EB/Proposals/2024-25/CUG നമ്പർ പ്രൊപ്പോസൽ.

2. ഡിജിറ്റൈസേഷൻ വിഭാഗം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ 28/01/2025-ലെ DIG.36/2025/CUG നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സബ്ഗ്രൂപ്പ് ഓഫീസർ വരെയുള്ള തസ്തികകളിലേക്ക് ഔദ്യോഗിക മൊബൈൽ നമ്പർ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വിവിധ ചർച്ചകളിൽ നിർദ്ദേശം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ബി.എസ്.എൻ.എൽ ൽ നിന്നും പരാമർശം(1) പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുള്ളതാണെന്നും, പ്രസ്തുത പ്രൊപ്പോസലിൽ "പ്ലാൻ 99", "പ്ലാൻ 199" എന്നിങ്ങനെ രണ്ട് പോസ്റ്റ്പെയ്ഡ് പ്ലാനുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതായും ആയതിൽ പ്ലാൻ 199 ഇന്റർനെറ്റ് കൂടിയിട്ടുള്ള പാക്ക് ആണെന്നും എന്നാൽ പ്ലാൻ-99 ൽ കാൾ സംവിധാനം മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്നും, ഉദ്യോഗസ്ഥർക്ക് ഒദ്യോഗിക ആശയ വിനിമയത്തിനായി സിം കാർഡ് മാത്രമേ ഇപ്പോൾ അനുവദിക്കുന്നുള്ളൂ എന്നുള്ളതിനാൽ ഇന്റർനെറ്റ് കണക്ഷൻ ആവശ്യമായി വരുന്നില്ലായെന്നും ആകയാൽ ബി.എസ്.എൻ.എൽ ൽ നിന്നും പ്ലാൻ 99 പോസ്റ്റ് പെയ്ഡ് മൊബൈൽ CUG കണക്ഷനുകൾ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ എടുത്ത് നിലവിൽ ഔദ്യോഗിക ഫോൺ നമ്പർ അനുവദിച്ചിട്ടില്ലാത്ത അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ, അസി.എൻജിനീയർമാർ, സബ്ഗ്രൂപ്പ് ഓഫീസർമാർ, മറ്റ് പ്രധാന തസ്തികകളിൽ സേവനം അനുഷ്ടിക്കുന്നവർക്ക് നൽകുന്നതിന് അനുവാദ ഉത്തരവ് ഉണ്ടാകണമെന്ന് വിവരിക്കുന്ന ഡിജിറ്റൈസേഷൻ വിഭാഗം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമായി. (പരാമർശം-2).

ബി.എസ്.എൻ.എൽ ൽ നിന്നും ലഭ്യമായിട്ടുള്ള പരാമർശം(1)പ്രൊപ്പോസൽ, ഡിജിറ്റൈസേഷൻ വിഭാഗം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ പരാമർശം(2) റിപ്പോർട്ട്, എന്നിവ ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

(മറുപുറം)

## ഉത്തരവ്

1. പരാമർശം(1) പ്രൊപ്പോസൽ അംഗീകരിച്ച്, ബി.എസ്.എൻ.എൽ ൽ നിന്നും **പ്ലാൻ 99 പോസ്റ്റ് പെയ്ഡ് മൊബൈൽ CUG കണക്ഷൻ** ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ എടുത്ത് നിലവിൽ ഔദ്യോഗിക ഫോൺ നമ്പർ അനുവദിച്ചിട്ടില്ലാത്ത അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ, അസി.എൻജിനീയർമാർ, സബ്ഗ്രൂപ്പ് ഓഫീസർമാർ, മറ്റ് പ്രധാന തസ്തികകളിൽ സേവനം അനുഷ്ടിക്കുന്നവർ എന്നിവർക്ക് നൽകുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.
2. ബി.എസ്.എൻ.എൽ ൽ നിന്നും പുതുതായി ലഭ്യമാകുന്ന **9188911400** മുതൽ **9188912400** വരെയുള്ള സീരീസുകളിലെ നമ്പറുകളിൽ നിന്നും ഓരോ ഉദ്യോഗസ്ഥർക്കും ഔദ്യോഗിക ഫോൺ നമ്പറുകൾ അനുവദിക്കുന്നതിലേക്കായുള്ള വിശദമായ പട്ടികയും, പ്രസ്തുത ഫോൺ നമ്പറുകളുടെ ഉപയോഗം സംബന്ധിച്ച് കർശനമായി പാലിക്കേണ്ട നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുള്ള സർക്കുലറും തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ഡിജിറ്റൈസേഷൻ വിഭാഗം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.
3. പ്രസ്തുത ഫോൺ നമ്പരുകളുടെ പ്രതിമാസ ബിൽ തുക ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ സിംഗിൾ ബിൽ ആയി ബി.എസ്.എൻ.എൽ ൽ നിന്നും ലഭ്യമാകുന്ന സാഹചര്യത്തിൽ, ആയത് പ്രതിമാസം ചെലവെഴുതി നൽകുന്നത് സംബന്ധിച്ചും, അടുത്ത സാമ്പത്തിക വർഷം മുതൽ പ്രത്യേക ബഡ്ജറ്റ് വിഹിതം ടി ചെലവിനായി നീക്കിവെയ്ക്കുന്നത് സംബന്ധിച്ചും വിശദമായ അഭിപ്രായം ലഭ്യമാക്കുന്നതിനു ദേവസ്വം അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

(ഒപ്പ്)

**സെക്രട്ടറി**

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി
(ശബരിമല സെൽ)

**പകർപ്പ്:**

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എൻജിനീയർ
3. സൂപ്രണ്ട് ഓഫ് പൊലീസ് (വിജിലൻസ്& സെക്യൂരിറ്റി)
4. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
6. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ-ഡിജിറ്റൈസേഷൻ (ഇൻ-ചാർജ്ജ്)
7. എല്ലാ ഡിപ്പാർട്ട്മെന്റ് ഓഫീസ് മേധാവികൾക്കും
8. ഐടി ഡിവിഷൻ *(പ്രസിദ്ധീകരണത്തിന്)*
9. സെക്ഷൻ ഫയൽ
10. ഫെയർ ഓഫീസ് കോപ്പി